"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - പത്തനംതിട്ട, വടശ്ശേരിക്കര പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ ശ്രീ അയ്യപ്പ നേഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.210/2024/H&FWD തീയതി,തിരുവനന്തപുരം, 29-08-2024

---

പരാമർശം:-

1. സ.ഉ (അ) നം. 64/2012/ആ.കു.വ തീയതി 17.02.2012.
2. പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ഓഥർ ട്രസ്റ്റീ സമർപ്പിച്ച 03.05.2024 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30.07.2024 തീയതിയിലെ ബി4/3764/2024/മെ.വി.വ നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ പരിശോധന റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ ശ്രീ അയ്യപ്പ നേഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ഓഥർ ട്രസ്റ്റീ, ശ്രീ ഷാജി ചാക്കോ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ വിദ്യാർത്ഥി പ്രവേശനശേഷി 45 ആയി നിജപ്പെടുത്തി നിരാക്ഷേപ പത്രം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട, വടശ്ശേരിക്കര പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ ശ്രീ അയ്യപ്പ കോളേജ് ഓഫ് നേഴ്സിംഗ് എന്ന പേരിൽ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പഠന വിഷയമായി ആരംഭിക്കുന്ന നേഴ്സിംഗ് കോളേജിന് വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി 45 ആയി നിജപ്പെടുത്തി ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ബി.എസ്.സി നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ്

കൗൺസിൽ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടേണ്ടതാണ്.

ഡി) നിബന്ധന (സി)-യിൽ സൂചിപ്പിക്കുന്ന recognition/suitability/affiliation ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നേടിയതിനുശേഷം അവസാനമായി സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission (LoP) കൂടി കരസ്ഥമാക്കിയതിനുശേഷം മാത്രമെ ക്ലാസ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ശ്രീ ഷാജി ചാക്കോ, ഓഥർ ട്രസ്റ്റീ, പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, ശ്രീ അയ്യപ്പ കോളേജ് ഓഫ് നഴ്സിംഗ്, കുമ്പളത്തമൺ പി.ഒ., വടശ്ശേരിക്കര, പത്തനംതിട്ട - 689 662
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 29-08-2024 16:24:15
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.